10

നവംബർ 2020

ചൊവ്വ

1196 തുലാം 25 1442 റ. അവ്വൽ 24

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 216 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

കോൺഗ്രസ് നേതൃത്വം മുസ്ലീംലീഗിനു കീഴടങ്ങുന്നുവെന്ന് പരാതി

ബദിയഡുക്ക പഞ്ചായത്ത് പ്രസിഡന്റ് കെ എൻ കൃഷ്ണഭട്ട് കോൺഗ്രസ് അംഗത്വം രാജിവച്ചു

ബദിയഡുക്ക:ബദിയഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റും മുതിർന്ന കോൺഗ്രസ് നേതാവും സായിറാംഭട്ടിന്റെ മകനുമായ കെ എൻ കൃഷ്ണഭട്ട് കോൺഗ്രസിൽ നിന്നു രാജിവച്ചു. രാജിക്കത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റിന് അയച്ചതായി കൃഷ്ണഭട്ട് പറയുന്നു. അടുത്ത തീരുമാനം രണ്ട് ദിവസത്തിനുള്ളിൽ പ്രഖ്യാപിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പാർട്ടിക്കുള്ളിലും യു ഡി എഫിലും ഉണ്ടായ പ്രശ്നങ്ങളാണ് പാർട്ടി വിടാൻ നിർബന്ധിതനാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. പല കാര്യങ്ങളിലും സ്വന്തം പാർട്ടി ,പാർട്ടി തത്വങ്ങൾക്കോ, പാർട്ടി പ്രവർത്തകന്റെ നീതിക്കുവേണ്ടിയുള്ള നിലപാടുകൾക്കോ ഒപ്പം നിന്നില്ല. മാത്രമല്ല, മുസ്ലീം ലീഗിന്റെ പഞ്ചായത്തിലെ ജനദ്രോഹ നിലപാടുകൾക്കു കോൺഗ്രസ് നേതൃത്വം ഐക്യദാർഢ്യം പ്രഖ്യാപിക്കുകയുമായിരുന്നെന്ന് അദ്ദേഹം പറഞ്ഞു. ഭരണത്തിലെ സ്വാധീനമുപയോഗിച്ചു ലീഗ് നേതാക്കന്മാർ നടത്തിയ അഴിമതികൾക്കെതിരെ ജില്ലാ കോൺഗ്രസ് നേതൃത്വത്തിനും യു ഡി എഫ് ജില്ലാ നേതൃത്വത്തിനും പരാതി നൽകിയിരുന്നു. എന്നാൽ അക്കാര്യത്തെക്കുറിച്ച് ഒന്നു ഫോൺ വിളിച്ച് ചോദിക്കാൻ പോലും പാർട്ടി നേതൃത്വവും മുന്നണി നേതൃത്വവും തയ്യാറായില്ല -അദ്ദേഹം പറഞ്ഞു.

പഞ്ചായത്തിലെ ലീഗ് നേതാക്കന്മാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ചേമ്പറിൽ വന്ന് പ്രശ്നമുണ്ടാക്കി. ഇത് യു ഡി എഫ് ജില്ലാ നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അവർ മൗനം പാലിക്കുകയായിരുന്നു. കഴിഞ്ഞ അഞ്ചു വർഷം ബദിയഡുക്ക പഞ്ചായത്തിൽ നല്ല ഭരണം കാഴ്ചവെക്കാൻ ശ്രമിച്ചു. പക്ഷേ, കോൺഗ്രസ് സഹകരിച്ചില്ല. മുസ്ലീംലീഗ് എതിർക്കുകയും ചെയ്തുകൊണ്ടിരുന്നു-കൃഷ്ണഭട്ട് വികാരാധീനനായി പറഞ്ഞു.

2005 ലാണ് ഇദ്ദേഹം ആദ്യമായി കിളിംഗാർ വാർഡിൽ മത്സരിച്ചു ജയിച്ചത്. 2010ൽ ബേള വാർഡിൽ മത്സരിച്ച് ജയിച്ച് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആയി. 2015ൽ വീണ്ടും കിളിംഗാർ വാർഡിൽ മത്സരിച്ച് ജയിച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാവുകയും ചെയ്തു. യു ഡി എഫിനു ബദിയഡുക്ക പഞ്ചായത്തിൽ ഭരണം കിട്ടുമ്പോഴെല്ലാം പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ലീഗ് ഏറ്റെടുക്കുന്ന കീഴ് വഴക്കം ആദ്യമായി ലംഘിച്ചതു കൃഷ്ണഭട്ടായിരുന്നു.

മൂന്നുവർഷം മുമ്പ് ബദിയഡുക്കയിൽ നടന്ന ഹിന്ദു സമാജോത്സവത്തിൽ ആധ്യക്ഷം വഹിച്ചത് കൃഷ്ണഭട്ടായിരുന്നു. ഇത് ഒരു വിഭാഗം വിവാദമാക്കി . കോൺഗ്രസുകാരൻ ഹിന്ദു സമാജോത്സവത്തിൽ പങ്കെടുക്കാൻ പാടില്ലെന്ന സ്വന്തം പാർട്ടിയുടെയും യു ഡി എഫ് ജില്ലാ കമ്മറ്റിയുടെയും നിർദ്ദേശം അദ്ദേഹം അവഗണിച്ചു. പിന്നീട് കോൺഗ്രസ് മണ്ഡലം കമ്മറ്റി പിരിച്ചു വിട്ടാണ് നേതൃത്വം ഈ പ്രശ്നത്തിൽ നിന്നും തലയൂരിയത്.

ബദിയഡുക്ക പഞ്ചായത്തിലെ പല വാർഡുകളിലും സ്വന്തം വ്യക്തി പ്രഭാവമുള്ള വ്യക്തിയാണ് ഇദ്ദേഹംമുന്നു മാസം മുമ്പ് പാർട്ടിയിൽ നിന്നു രാജിവയ്ക്കണമെന്നും ലീഗിന് അടിയറ വയ്ക്കുന്ന കോൺഗ്രസ് നേതൃത്വത്തിന്റെ നിലപാടിൽ നിന്നു മോചിതനാവണമെന്നും ആഗ്രഹിച്ചിരുന്നതാണെന്ന് അദ്ദേഹം പറഞ്ഞുഎന്നാൽ പ്രസിഡന്റ് സ്ഥാനത്ത് 5 വർഷം തുടരണമെന്നു സഹപ്രവർത്തകർ നിർബന്ധിച്ചതിനാലാണ് രാജി തീരുമാനം വൈകിയതെന്ന് അദ്ദേഹം പറഞ്ഞു.

ബീഹാറിൽ എൻ ഡി എ കേവല ഭൂരിപക്ഷത്തിലേക്ക്

ബി ജെ പി ഏറ്റവും വലിയ ഒറ്റകക്ഷി

പാറ്റ്ന: ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ആകെയുള്ള 243 സീറ്റുകളിൽ 129 ഇടങ്ങളിൽ എൻ ഡി എ ലീഡ് ചെയ്യുന്നു. കോൺഗ്രസ്- രാഷ്ട്രീയ ജനതാദൾ- ഇടതു പാർട്ടികൾ അടങ്ങുന്ന മഹാസഖ്യം 100 സീറ്റുകളിലും മറ്റുള്ളവർ 14 സീറ്റുകളിലും ലീഡ് ചെയ്യുന്നു.രാവിലെ വോട്ടെണ്ണൽ ആരംഭിച്ചതോടെ മഹാസഖ്യം മുന്നേറുമെന്ന സൂചനകളാണുണ്ടായത്. എന്നാൽ വോട്ടെണ്ണൽ പുരോഗമിച്ചപ്പോൾ എക്സിറ്റ് പോൾ പ്രവചനങ്ങളെ നിരാകരിക്കുന്ന സൂചനകളാണ് പുറത്തു വന്നത്. ലീഡ് നിലമാറിമറിയുകയും എൻ ഡി എ മുന്നിലെത്തുകയും ചെയ്തു.ലീഡ് നിലനിർത്താനായാൽ ബീഹാർ നിയമസഭയിൽ ബി ജെ പി യുടെ നേതൃത്വത്തിലുള്ള തുടർഭരണം ഉണ്ടാകും.ബി ജെ പിയാണ് ഏറ്റവും കൂടുതൽ സീറ്റുകളിൽ ലീഡു ചെയ്യുന്നത്. മുഖ്യമന്ത്രി നിഥീഷ് കുമാറിന്റെ പാർട്ടിയായ ജെ ഡി യുവിനു 61 സീറ്റുകളിലാണ് ലീഡ്.

ഉപതിരഞ്ഞെടുപ്പിലും ബി ജെ പി തരംഗം

ന്യൂഡൽഹി: മധ്യപ്രദേശ് ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ ബി ജെ പിക്ക് വൻ നേട്ടം.

മധ്യപ്രദേശിൽ 28 മണ്ഡലങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ പുരോഗമിക്കവെ 17 സീറ്റിൽ ബി ജെ പിക്ക് മുന്നേറ്റം. ഒമ്പതു സീറ്റിൽ കോൺഗ്രസും ലീഡ് ചെയ്യുന്നു. മറ്റുള്ളവർ രണ്ടിടത്തും മുന്നിലാണ്.

കഴിഞ്ഞ മാർച്ചിൽ ജ്യോതിരാദിത്യ സിന്ധ്യ പക്ഷക്കാരായ 25 അംഗങ്ങൾ കോൺഗ്രസ് വിട്ട് ബി ജെ പിയിൽ ചേർന്നതോടെയാണ് മധ്യപ്രദേശിൽ ഇത്രയും അധികം മണ്ഡലങ്ങളിൽ ഉപതിരഞ്ഞെടുപ്പ് വേണ്ടി വന്നത്. മധ്യപ്രദേശിൽ ഭരണം നിലനിർത്താൻ ബി ജെ പിക്ക് ഒമ്പത് സീറ്റുകളിൽ വിജയിക്കണം. എന്നാൽ വോട്ടെണ്ണൽ പുരോഗമിക്കവെ 17 സീറ്റിലാണ് ബി ജെ പി മുന്നേറുന്നത്. ഇതോടെ ശിവരാജ് സിംഗ് ചൗഹാൻ ഭരണം നിലനിർത്തുമെന്നുറപ്പായി.ഉപതിരഞ്ഞെടുപ്പ് നടന്ന ഗുജറാത്ത്, ഉത്തർപ്രദേശ്, കർണ്ണാടക, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും ബി ജെ പിയാണ് ലീഡ് ചെയ്യുന്നത്.

ബീഹാർ നിയമസഭാ തെര. ലീഡ് നില

എൻ ഡി എ	129
മഹാസഖ്യം	100
മറ്റുള്ളവർ	14

ഖമറുദ്ദീൻ എം എൽ എയെ ചോദ്യം ചെയ്യൽ തുടരുന്നു

മുഖ്യപ്രതി ടി കെ പൂക്കോയ തങ്ങളുടെ വീട്ടിൽ റെയ്ഡ്; മകൻ ഗൾഫിലേക്ക് കടന്നു

കാസർകോട്:ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിൽ എം സി ഖമറുദ്ദീൻ എം എൽ എയെ ചോദ്യം ചെയ്യൽ തുടരുന്നു. എ എസ് പി വിവേക് കുമാറിന്റെ നേതൃത്വത്തിൽ കാസർകോട്ടുവെച്ചാണ് ചോദ്യം ചെയ്യൽ. കേസിൽ അറസ്റ്റിലായി റിമാന്റിൽ കഴിഞ്ഞിരുന്ന എം എൽ എയെ ഇന്നലെ ഉച്ചകഴിഞ്ഞാണ് രണ്ടു ദിവസത്തേക്ക് പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടത്. ആകെ രജിസ്റ്റർ ചെയ്ത 120 പരം കേസുകളിൽ മൂന്ന് കേസുകളിൽ മാത്രമേ കേസിലെ രണ്ടാം പ്രതിയായ എം എൽ എയെ അറസ്റ്റ് ചെയ്തിട്ടുള്ളൂ. തുടർ കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായാണ് ചോദ്യം ചെയ്യൽ തുടരുന്നത്. അതേസമയം കേസിലെ ഒന്നാം പ്രതിയും കമ്പനി മാനേജിംഗ് ഡയറക്ടറുമായ ടി കെ പൂക്കോയ തങ്ങൾ ഒളിവിൽ പോയി. കോടതിയിൽ ഹാജരാകാമെന്ന് നേരത്തെ ഉറപ്പു നൽകിയിരുന്നു. എന്നാൽ ഹാജരായില്ല.

തുടർന്നാണ് പ്രത്യേക അന്വേഷണ സംഘം ഇന്നലെ വൈകീട്ട് തങ്ങളുടെ ചന്തേരയിലെ വീട്ടിലെത്തിയത്. സ്ത്രീകളും കുട്ടികളും മാത്രമേ ഈ സമയത്ത് വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അറസ്റ്റ് ഭയന്ന് തങ്ങൾ ഒളിവിൽ പോയതായി അന്വേഷണ വൃത്തങ്ങൾ പറഞ്ഞു. അതേസമയം തങ്ങളുടെ മകനും കമ്പനി ഡയറക്ടറുമായ മൂന്നാം പ്രതി എ പി ഹാഷിം വിദേശത്തേക്ക് കടന്നതായി അന്വേഷണ സംഘം ഉറപ്പിച്ചു. ലുക്ക്ഔട്ട് നോട്ടീസ് പുറത്തിറക്കുന്നതിന് മുമ്പ് തന്നെ ഇയാൾ വിദേശത്തേയ്ക്ക് കടന്നിരിക്കാമെന്നാണ് അന്വേഷണ സംഘത്തിന്റെ കണക്ക് കൂട്ടൽ. ഇയാളെ തിരികെ നാട്ടിലെത്തിക്കുന്നതിന് ഇന്റർപോളിന്റെ സഹായം തേടാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ചന്തേരയിൽ നാലു കേസുകൾ കൂടി

ചെറുവത്തൂർ: എം സി ഖമറുദ്ദീൻ എം എൽ എ പ്രതിയായി ചന്തേര പൊലീസ് സ്റ്റേഷനിൽ നാലു കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ഉദിനൂർ, മുട്ടോംകടവിലെ കെ എൻ പി റംലത്ത് (ഒരു ലക്ഷം), പടന്ന, കാവുന്തലയിലെ കെ പി ആയിഷാബി (മൂന്ന് ലക്ഷം), പടന്നയിലെ എം ടി പി കുഞ്ഞിമൊയ്തീൻ (50 ലക്ഷം), എ ജെ ഷെമീമ (11 ലക്ഷം) എന്നിവരുടെ പരാതി പ്രകാരമാണ് കേസ്.

സർക്കാർ വൃദ്ധസദനം അന്തേവാസി അന്തരിച്ചു

കാസർകോട്: ഗവ.വൃദ്ധസദനത്തിലെ അന്തേവാസി അഷ്റഫ് (68) അന്തരിച്ചു. കഴിഞ്ഞ ജൂലൈ 18 ന് സ്ഥാപനത്തിൽ പ്രവേശിപ്പിക്കപ്പെട്ട ഇദ്ദേഹം മലപ്പുറം പരപ്പനങ്ങാടി സ്വദേശിയെന്ന് അറിയിച്ചിരുന്നെങ്കിലും അവകാശികളെക്കുറിച്ചോ ബന്ധുക്കളെക്കുറിച്ചോ യാതൊരു വിവരവും ലഭ്യമല്ലാത്തതിനാൽ മൃതദേഹം ജനറൽ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് അധികൃതർ അറിയിച്ചു. മൂന്ന് ദിവസത്തിനകം ആരും ബന്ധപ്പെടാത്ത പക്ഷം അവകാശികളില്ല എന്ന ധാരണയിൽ അടക്കം ചെയ്യുമെന്ന് അറിയിപ്പിൽ പറഞ്ഞു.

ബൈക്കുകൾ കൂട്ടിമുട്ടി ഒരാൾക്ക് പരിക്ക്

ഉപ്പള: ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് ഒരാൾക്ക് പരിക്ക്. കഴിഞ്ഞ ദിവസം വൈകിട്ട് ഉപ്പള പെട്രോൾ പമ്പിനടുത്താണ് അപകടം. പരിക്കേറ്റ ഉപ്പളയിലെ മൊയ്തീന്റെ മകൻ അബ്ബാസി (47)നെ മംഗളൂരുവിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അബ്ബാസ് സഞ്ചരിച്ച ബൈക്കിൽ മറ്റൊരു ബൈക്കിടിച്ചാണ് അപകടം.

അന്തുക്കാ

ബൈക്കപകടത്തിൽ പരിക്കേറ്റ കീഴൂർ സ്വദേശി മരിച്ചു; നാടു കണ്ണീരിൽ

കാസർകോട്: ബൈക്ക് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവിന്റെ ജീവൻ രക്ഷിക്കാനുള്ള എല്ലാ വഴികളും പരാജയപ്പെട്ടു. കീഴൂരിനെ കണ്ണീരിലാഴ്ത്തി യുവാവ് യാത്രയായി. കീഴൂർ കടപ്പുറത്തെ ദാസൻ -ശാരദ ദമ്പതികളുടെ മകൻ ഡിഷാജി (28)യാണ് ഇന്നു രാവിലെ ജനറൽ ആശുപത്രിയിൽ മരിച്ചത്. മത്സ്യത്തൊഴിലാളിയാണ്. കഴിഞ്ഞ മാസം 18ന് ആണ് ഷാജി അപകടത്തിൽപ്പെട്ടത്. കാസർകോട്ടെ ബന്ധുവീട്ടിലേയ്ക്ക് ബൈക്കിൽ വരുന്നതിനിടയിൽ ചെമ്മനാട്ടുവച്ചായിരുന്നു അപകടം. ഷാജി സഞ്ചരിച്ചിരുന്ന ബൈക്കിൽ മറ്റൊരു വാഹനം ഇടിച്ചായിരുന്നു അപകടം. ഈ വാഹനം കണ്ടെത്താനുള്ള അന്വേഷണം പൊലീസ് ഊർജ്ജിതമാക്കിയിട്ടുണ്ട്. അപകടത്തിൽ മേൽപറമ്പ് പൊലീസ് കേസെടുത്തു.

ഗുരുതരമായി പരിക്കേറ്റ ഷാജി മംഗ്ളൂരുവിലെ ആശുപത്രിയിലാണ് ചികിത്സയിൽ കഴിഞ്ഞിരുന്നത്. ചികിത്സയ്ക്കായി പത്തുലക്ഷം രൂപ ചെലവായി. കടം വാങ്ങിച്ചും ഉദാരമതികളുടെ സഹായത്തോടെയുമാണ് ചികിത്സക്കുള്ള പണം കണ്ടെത്തിയത്. മികച്ച ചികിത്സ നൽകിയിട്ടും ഷാജിയെ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരാൻ കഴിയില്ലെന്നു ഉറപ്പായതോടെയാണ് ഇന്നലെ ജനറൽ ആശുപത്രിയിലേയ്ക്ക് മാറ്റിയത്. ഇന്നു രാവിലെ മരണം സംഭവിക്കുകയും ചെയ്തു.മത്സ്യതൊഴിലാളിയായ ഷാജി കീഴൂരിലെ ബ്രദേർസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ സജീവ പ്രവർത്തനായിരുന്നു. ദിനേശൻ, ശാലിനി, നിഷ സഹോദരങ്ങളാണ്.

വിദേശ മദ്യവുമായി അറസ്റ്റിൽ

കന്യപ്പാടി: പാടലടുക്കയിലെ വിശ്വനാഥ (53)യെ 38 കുപ്പി ഗോവൻ നിർമ്മിത വിദേശ മദ്യവുമായി എക്സൈസ് സംഘം അറസ്റ്റ് ചെയ്തു. ഇന്നലെ രാത്രി വീട്ടിനടുത്ത് മദ്യ കച്ചവടം നടത്തുന്നതിനിടയിലാണ് പിടികൂടിയതെന്ന് അധികൃതർ അറിയിച്ചു.

മകൾ മരിച്ച് മൂന്നാം നാൾ മാതാവും മരിച്ചു

കാസർകോട്: മകൾ മരിച്ച് മൂന്നാം നാൾ മാതാവും മരിച്ചു. തളങ്കര, കണ്ടത്തിലെ പഴയ കാല ഫുട്ബോൾ താരം മുഹമ്മദ് കുഞ്ഞിയുടെ ഭാര്യ ആയിഷ (46) യാണ് മംഗ്ളൂരുവിലെ ആശുപത്രിയിൽ മരിച്ചത്. ഏതാനും ദിവസമായി ചികിത്സയിലായിരുന്നു.ഇവരുടെ മകൾ മുഫീദ മൂന്നു ദിവസം മുമ്പാണ് അസുഖത്തെ തുടർന്ന് മരിച്ചത്. അസുഖം മൂലം ആശുപത്രിയിലായിരുന്നതിനാൽ മകളുടെ മരണ സമയത്ത് ഇവർ വീട്ടിൽ എത്തിയിരുന്നില്ല. അർഷാദ് ഏക മകനാണ്.

യുവാവിനെ മർദ്ദിച്ചതിന് കേസെടുത്തു

കുമ്പള: വീട്ടിൽ നിന്ന് വിളിച്ചിറക്കി യുവാവിനെ മർദ്ദിച്ചുവെന്ന പരാതിയിൽ കുമ്പള പൊലീസ് കേസെടുത്തു.

കൂടാൽ മേർക്കള നീർപന്തിയിലെ ചന്ദ്രശേഖര റാവുവിന്റെ മകൻ ഗുരുമൂർത്തി (37)യെയാണ് വീട്ടിൽ നിന്നും വിളിച്ചിറക്കി മർദ്ദിച്ചതെന്നാണ് പരാതി. ഞായറാഴ്ച രാത്രി 8.30നാണ് സംഭവം. ഇതു സംബന്ധിച്ച് റോണിക്കെതിരെ കുമ്പള പൊലീസ് കേസെടുത്തു.

ബേഡകം ഹണിട്രാപ്പ്; ഗൾഫുകാരന്റെ ഭാര്യ അറസ്റ്റിൽ

ബേഡകം: അറുപതുകാരനെ തട്ടിക്കൊണ്ടുപോയി സ്ത്രീകൾക്കൊപ്പം നിർത്തി ഫോട്ടോയെടുക്കുകയും ഭീഷണിപ്പെടുത്തി അഞ്ചേമുക്കാൽ ലക്ഷം തട്ടിയെടുക്കുകയും ചെയ്തുവെന്ന കേസിൽ സ്ത്രീ അറസ്റ്റിൽ. കാഞ്ഞങ്ങാട്, പടന്നക്കാട്, ഒഴിഞ്ഞവളപ്പിലെ ഗൾഫുകാരന്റെ ഭാര്യ സുബൈദ (37)യെയാണ് ബേഡകം ഇൻസ്പെക്ടർ ഉത്തംദാസ്, എസ് ഐ മുരളീധരൻ എന്നിവരുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. വൈദ്യ പരിശോധനയ്ക്കു ശേഷം കോടതിയിൽ ഹാജരാക്കിയ പ്രതിയെ രണ്ടാഴ്ചത്തേക്ക് റിമാന്റ് ചെയ്തു. കണ്ണൂർ തോട്ടടയിലെ വനിതകളുടെ സ്പെഷ്യൽ ജയിലിലേക്കയച്ചു. കേസിലെ ഒന്നാം പ്രതിയാണ് സുബൈദയെന്ന് പൊലീസ് പറഞ്ഞു. ഇക്കഴിഞ്ഞ സെപ്തംബർ 23ന് ആണ് കേസിനാസ്പദമായ സംഭവം. ബാലനടുക്കം സ്വദേശിയായ അറുപതുകാരനെ കുപ്രസിദ്ധ കവർച്ചക്കാരൻ പള്ളിക്കര, ബിലാൽ നഗറിലെ അഹമ്മദ് കബീർ എന്ന ലാലാ കബീറിന്റെ നേതൃത്വത്തിൽ തട്ടിക്കൊണ്ടുപോയി സ്ത്രീകൾക്കൊപ്പം നിർത്തി ഫോട്ടോയെടുക്കുകയും ഭീഷണിപ്പെടുത്തി അഞ്ചേമുക്കാൽ ലക്ഷം രൂപ തട്ടിയെടുക്കുകയുമായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. ലാലാ കബീറിനെ നേരത്തെ കോടതി പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. 13 വർഷമായി പൊലീസിന്റെ കണ്ണുവെട്ടിച്ച് നടന്നിരുന്ന ലാലാ കബീറിന് എതിരെ കർണ്ണാടക, തമിഴ്നാട്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും കേസുണ്ട്. ബേഡകത്തെ കേസിൽ ലാലാ കബീറിന്റെ ഭാര്യയടക്കം നാലുപേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടെന്ന് പൊലീസ് പറഞ്ഞു.

പൊലീസ് സംഘത്തിൽ പൊലീസുകാരായ രമേശൻ, സുപ്രിയ, ജേക്കബ്ബ് എന്നിവരും ഉണ്ടായിരുന്നു.

കെ എം ഷാജി ഇ ഡിക്ക് മുന്നിൽ ഹാജരായി

കോഴിക്കോട്: കെ എം ഷാജി എം എൽ എ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് മുന്നിൽ ഹാജരായി. അഴീക്കോട് സ്കൂളിൽ പ്ലസ്ടു സീറ്റ് അനുവദിക്കാൻ 25ലക്ഷം രൂപ കോഴ വാങ്ങിയെന്ന കേസുമായി ബന്ധപ്പെട്ട കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ഷാജിക്ക് നോട്ടീസ് നൽകിയിരുന്നു. കഴിഞ്ഞ ദിവസം ഷാജിയുടെ ഭാര്യയെയും ഇ ഡി ചോദ്യം ചെയ്തിരുന്നു.

കഴിഞ്ഞ രണ്ടു നിയമസഭാ തിരഞ്ഞെടുപ്പുകളിൽ എം എൽ എ നൽകിയ സ്വത്തു വിവരങ്ങളിൽ കാര്യമായ കൃത്രിമമുണ്ട് എന്നാണ് അന്വേഷണ ഏജൻസി കരുതുന്നത്. കെ എം ഷാജി എം എൽ എ നൽകിയ സത്യവാങ്മൂലത്തിൽ കാണിച്ചതിലധികം സ്വത്തു വകകൾ നിലവിൽ ഷാജിയുടെയും ഭാര്യയുടെയും പേരിൽ ഉണ്ട് എന്നാണ് പ്രാഥമിക വിലയിരുത്തൽ.

ബൈക്ക് കാണാതായി

കാസർകോട്: റെയിൽവെ ട്രാക്കിന് സമീപത്ത് നിർത്തിയിട്ടിരുന്ന ബൈക്ക് കാണാതായതായി പരാതി. ചൗക്കിയിലെ സന്തോഷിന്റെ ബൈക്കാണ് കഴിഞ്ഞ മാസം 18ന് കാണാതായത്. പൊലീസ് കേസെടുത്തു.

വി വി രമേശനെ വീണ്ടും കാഞ്ഞങ്ങാട് മത്സരിപ്പിക്കാൻ സി പി എം തീരുമാനം

കാഞ്ഞങ്ങാട്: നിയമസഭാ തെരഞ്ഞെടുപ്പിൽ ഉദുമ മണ്ഡലത്തിൽ നിന്നും മത്സരിക്കുമെന്നു പ്രതീക്ഷിക്കുന്ന സി പി എം ജില്ലാ കമ്മിറ്റി അംഗം വി വി രമേശനെ വീണ്ടും കാഞ്ഞങ്ങാട് നഗരസഭയിലേക്ക് മത്സരിപ്പിക്കാൻ സി പി എം തീരുമാനം. മത്സരത്തിനില്ലെന്നു രമേശൻ വ്യക്തമാക്കിയെങ്കിലും നിലവിലെ സാഹചര്യത്തിൽ രമേശൻ മത്സരിക്കണമെന്നാണ് പാർട്ടി തീരുമാനം. നിലവിൽ മുനിസിപ്പൽ ചെയർമാനായ വി വി രമേശൻ അതിയാമ്പൂർ വാർഡിനെയാണ് പ്രതിനിധീകരിക്കുന്നത്. ഇത്തവണ ഈ

വാർഡ് സ്ത്രീ സംവരണമായി. സി പി എമ്മിന്റെ സിറ്റിംഗ് സീറ്റായ ആലാമിപ്പള്ളിയിലായിരിക്കും രമേശൻ മത്സരിക്കുകയെന്നാണ് സൂചന.

അഞ്ചു വർഷക്കാലം ചെയർമാനെന്ന നിലയിൽ രമേശൻ മികച്ച പ്രവർത്തനമാണ് നടത്തിയതെന്ന് പാർട്ടി വിലയിരുത്തുന്നു. അതിനാൽ രമേശനെ തന്നെ മുന്നിൽ നിർത്തി നഗരസഭാ തെരഞ്ഞെടുപ്പിനെ നേരിടാമെന്നാണ് സി പി എമ്മിന്റെ കണക്ക് കൂട്ടൽ. കാഞ്ഞങ്ങാട് ഇത്തവണ ചെയർപേഴ്ൺ സ്ഥാനം സ്ത്രീ സംവരണമാണ്. ആകെയുള്ള 43 സീറ്റുകളിൽ സി പി എം-20, ഐ എൻ എൽ-2, ഇടതു സ്വതന്ത്രൻ-1, മുസ്ലീം ലീഗ്-10, കോൺഗ്രസ്-3, യു ഡി എഫ് സ്വതന്ത്രൻ-1, ബി ജെ പി-6 എന്നിങ്ങനെയാണ് കക്ഷിനില.